## പതിമൂന്നാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 378      28.6.2011-ൽ മറുപടിയ്ക്ക്

### വാഹനാപകടത്തിൽപ്പെട്ട് വന്യമൃഗങ്ങൾ മരണപ്പെടുന്നത് തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. രാജു. | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) കൊല്ലം ജില്ലയിലെ കിഴക്കൻ മേഖലകളിലെ പാതകളിൽ വാഹനാപകടത്തിൽപ്പെട്ട് വന്യജീവികൾ മരണപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത്തരം അപകടങ്ങൾ സംഭവിക്കാതിരിക്കുവാൻ വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) ഇത്തരം അപകടം ഒഴിവാക്കാൻ താഴെ പറയുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.<br><br>1. 1972 ലെ വന്യജീവി സംരക്ഷണനിയമം കർശനമായി നടപ്പിലാക്കുകയും ഇത്തരം സംഭവങ്ങൾക്കുത്തരവാദികളായവർക്കെതിരെ ടി നിയമപ്രകാരം കേസ്സെടുക്കുകയും ചെയ്യുന്നുണ്ട്.<br><br>2. വനമേഖലകളിൽ കൂടി കടന്നു പോകുന്ന റോഡുകളുടെ ഇരുവശവുമായി വേഗത നിയന്ത്രിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള സൈൻബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>3. പ്രസ്തുത റോഡുകളിൽ സ്പീഡ് ബ്രേക്കറുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>4. പ്രസ്തുത റോഡുകളിലൂടെയുള്ള വാഹനങ്ങളുടെ വേഗത നിരീക്ഷിക്കുന്നതിനും അവ നിയന്ത്രിക്കുന്നതിനുമായി ചെക്ക് പോസ്റ്റുകളിൽ നിരീക്ഷണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br><br>5. വനമേഖലകളിൽക്കൂടി കടന്നുപോകുന്ന വാഹനങ്ങളുടെ പരമാവധി വേഗത 30 കിലോമീറ്റർ ആയി നിജപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ